കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# മാർച്ച് 2022



## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

**(DEPARTMENT OF ECONOMICS AND STATISTICS)**

തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി


നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# ആമുഖം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ തുടങ്ങിയ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാറ്റുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളെയും, അന്താരാഷ്ട്ര ഏജൻസികളുടെ റിപ്പോർട്ടുകളെയും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളെയും ആധാരമാക്കിയാണ് ഈ പ്രസിദ്ധീകരണം തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

**(ഒപ്പ്)**

തിരുവനന്തപുരം **സജീവ് .പി .പി**

**12-05-2022** **ഡയറക്ടർ**

# അവലോകനം

ഇന്ധന വില വർദ്ധനവിന്റെയും ഉക്രൈൻ-റഷ്യ യുദ്ധത്തിന്റെയും അനുരണനങ്ങൾ വിപണിയിൽ നിലനിൽക്കുകയാണ്.അരിയുടെ വിലയിൽ നേരിയ തോതിലുള്ള വർദ്ധനവ് തുടർന്നു.പലവ്യഞ്ജനങ്ങളുടെയും ഭക്ഷ്യഎണ്ണകളുടേയും വിലയിൽ വർദ്ധനവിനുള്ള പ്രവണത തുടരുകയാണ്.പച്ചക്കറികളുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്.ഇറച്ചിക്കോഴി,ഏത്തക്കായ,സൺഫ്ളവർ ഓയിൽ,പാം ഓയിൽ എന്നിവയാണ് പ്രധാനമായും വർദ്ധനവ് ഉണ്ടായ ഇനങ്ങൾ ഇറച്ചിക്കോഴിയുടെ വിലയിൽ ഗണ്യമായ തോതിലുള്ള വർദ്ധനവാണ് അവലോകനമാസത്തിൽ പ്രകടമായത്.ഉല്പാദനത്തിൽ ഉണ്ടായ കുറവും കോഴിത്തീറ്റയുടെ വിലവർദ്ധനവും ഇറച്ചിക്കോഴിയുടെ വിലവർദ്ധനവിലേക്ക് നയിച്ചു എന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ.ഉക്രൈൻ -റഷ്യ സംഘർഷത്തെ തുടർന്ന് ഇറക്കുമതി തടസ്സപ്പെട്ടതും വിതരണ ശൃംഖലയിലെ പ്രശനങ്ങളും ഭക്ഷ്യ എണ്ണകളുടെ വിലയിൽ ആഗോളതലത്തിൽ തന്നെ വൻതോതിലുള്ള വർദ്ധനവ് സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഭക്ഷ്യ എണ്ണകളുടെ കാര്യത്തിൽ ഇറക്കുമതിയെ ആശ്രയിച്ച് കഴിയുന്ന ഇന്ത്യയിൽ വരും ദിവസങ്ങളിലും വർദ്ധനവിന് ശമനമുണ്ടാവില്ല എന്നാണ് നിലവിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ.

കേന്ദ്ര ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം മാർച്ച് മാസത്തിൽ അരി, ഗോതമ്പ്, ആട്ട, തുവരപ്പരിപ്പ്,ഉഴുന്നുപരിപ്പ്,മസൂർപരിപ്പ്,ഭക്ഷ്യഎണ്ണകൾ ,ഉരുളകിഴങ്ങ്,ഉപ്പ് എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായപ്പോൾ കടലപ്പരിപ്പ് ,സവാള,തക്കാളി എന്നിവയുടെ വിലയിൽ കുറവുണ്ടായി. പ്രധാനമായും ഭക്ഷ്യ എണ്ണകളുടെ വിലയിലാണ് ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയത്.കടല എണ്ണയുടെ ദേശീയ ശരാശരി വില ഫെബ്രുവരിയിൽ 179.44 രൂപ ആയിരുന്നത് മാർച്ചിൽ 185.47ആയി വർദ്ധിച്ചു. കടുകെണ്ണ 189.24 രൂപ ആയിരുന്നത് 191.6 രൂപ ആയും ,വനസ്പതി 140.82 രൂപ ആയിരുന്നത് 151.6 രൂപ ആയും ,സോയ ഓയിൽ 148.09 രൂപ ആയിരുന്നത് 160.05 രൂപ ആയും, സൂര്യകാന്തി എണ്ണ 161.7 രൂപ ആയിരുന്നത് 175.92 രൂപ ആയും , പാം ഓയിൽ 131.44 രൂപ ആയിരുന്നത് 146.34 രൂപ ആയും ഫെബ്രുവരി മാസത്തെ അപേക്ഷിച്ച് മാർച്ചിൽ വർദ്ധിച്ചു. അതെസമയം സവാളയുടെ വില 35.16 രൂപയിൽ നിന്നും 32.1 രൂപയായും ,തക്കാളി വില 26.63 രൂപയിൽ നിന്നും 23.36 രൂപയായും കുറഞ്ഞു.

റഷ്യ-ഉക്രൈൻ യുദ്ധം തുടരുകയാണ് അതോടൊപ്പം തന്നെ ആഗോള എണ്ണ വിലയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.ഇവ രണ്ടും ആഗോള ഭക്ഷ്യ വിലയിലും ഗണ്യമായ വർദ്ധനവ് സൃഷ്ടിച്ചിരിക്കുകയാണ്.ഗോതമ്പ്, ധാന്യം, ബാർലി, സൂര്യകാന്തി എണ്ണ, എന്നിവയുടെ പ്രധാന കയറ്റുമതിക്കാരാണ് ഉക്രെയ്നും റഷ്യയും. സംഘർഷം മേഖലയിൽ നിന്നുള്ള കാർഷിക കയറ്റുമതിയെ തടസ്സപ്പെടുത്തുകയും അനിശ്ചിതത്വങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.കരിങ്കടൽ മേഖലയിലെ പ്രശ്നങ്ങൾ ചരക്ക് വില വർദ്ധിപ്പിക്കുകയും വിപണിയിലെ ചാഞ്ചാട്ടം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റത്തെ തുടർന്ന് , പല രാജ്യങ്ങളും ഇറക്കുമതി ആവശ്യകതകളിൽ ഇളവ് വരുത്തുകയോ തീരുവ കുറയ്ക്കുകയോ ചെയ്തിട്ടുണ്ട്. ലോക സമ്പദ്‌വ്യവസ്ഥയുടെ അസ്ഥിരത, സങ്കീർണ്ണമായ ആഗോള വിതരണ ശൃംഖല- അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഇത്തരം സാഹചര്യങ്ങള് വികസ്വര രാജ്യങ്ങളെയും പ്രത്യേകിച്ച് ആഫ്രിക്കൻ രാജ്യങ്ങളെയും സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്.

രാസവളങ്ങളുടെ വില വർദ്ധനയും ലഭ്യതക്കുറവും കാർഷികമേഖലയിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്.ഇന്ത്യയിൽ ജൂണിൽ ഖാരിഫ് സീസണ് ആരംഭിക്കാനിരിക്കെ, റഷ്യ–ഉക്രൈന് യുദ്ധം കാർഷിക മേഖലയ്ക്ക് ആവശ്യമായ വളം ലഭ്യതയെ ബധിക്കുമോ എന്നുള്ള ആശങ്ക നിലനിൽക്കുകയാണ് . ലോകത്തിലെ പൊട്ടാഷ് ഉല്പാദനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ് റഷ്യ . ഡൈ-അമോണിയം ഫോസ്ഫേറ്റിന്റെ (ഡിഎപി) ഉൽപാദനത്തിൽ ഉപയോഗിക്കുന്ന പൊട്ടാഷിന്റെ ഏറ്റവും വലിയ രണ്ടാമത്തെ ഉത്പാദകരാണ് റഷ്യ. ലോകമെമ്പാടുമുള്ള പാൻഡെമിക്-നിയന്ത്രണ നടപടികൾക്ക്

ശേഷം ആഗോള സാമ്പത്തിക പുനരുജ്ജീവനത്തിൽ ഊർജ്ജത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം വർധിപ്പിച്ചു. ക്രൂഡ് ഓയിലിന്റെയും പ്രകൃതിവാതകത്തിന്റെയും വില 2020 അവസാനത്തോടെ ഉയരാൻ തുടങ്ങി, 2021 ന്റെ രണ്ടാം പാദത്തിൽ പ്രകൃതി വാതക വില ഉയർന്നു. രാസവള ഉൽപ്പാദനത്തിൽ പ്രകൃതി വാതകം ഒരു പ്രധാന ഘടകമായതിനാൽ , 2021-ന്റെ മധ്യത്തിൽ രാസവളങ്ങളുടെ വില കുത്തനെ ഉയർന്നു. ഗ്യാസിന്റെ ഉയർന്ന വില യൂറോപ്പിലും മറ്റിടങ്ങളിലും രാസവള ഉൽപ്പാദനം കുറയുന്നതിന് കാരണമായി. ഇത്തരം പ്രതിസന്ധികൾക്കിടയിൽ റഷ്യ-ഉക്രൈൻ യുദ്ധം വന്നതോടെ സ്ഥിതി ആശങ്കാജനകമായി. ഇന്ത്യ, റഷ്യയിൽ നിന്നുള്ള വളം ഇറക്കുമതിയിലുണ്ടായ തടസ്സങ്ങൾ മറികടക്കുന്നതിനായി കാനഡ, ഇസ്രായേൽ, ജോർദാൻ രാജ്യങ്ങളിൽ നിന്നും ഇറക്കുമതിക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ടുകൾ.

ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ ഭക്ഷ്യ വില സൂചിക ഫെബ്രുവരിയിൽ നിന്ന് 17.9 പോയിന്റ് (12.6 ശതമാനം) വർധിച്ച് 2022 മാർച്ചിൽ 159.3 ആയി സസ്യ എണ്ണകൾ, ധാന്യങ്ങൾ, മാംസം എന്നീ ഉപസൂചികകൾ സർവകാല റെക്കോർഡിലെത്തി , പഞ്ചസാര, പാലുൽപ്പന്നങ്ങൾ എന്നിവയുടെ സൂചികയും ഗണ്യമായി ഉയർന്നു.

ധാന്യവില സൂചിക ഫെബ്രുവരിയിൽ നിന്ന് 24.8 പോയിന്റ് വർദ്ധിച്ച് മാർച്ചിൽ ശരാശരി 170.1 പോയിന്റായി , (17.1 ശതമാനം) , ഇത് 1990 ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിലവാരമായി. ഉക്രെയ്നിൽ നിന്നും ഒരു പരിധിവരെ റഷ്യൻ ഫെഡറേഷനിൽ നിന്നുമുള്ള തടസ്സങ്ങളും. കരിങ്കടൽ മേഖലയിൽ നിന്നുള്ള കയറ്റുമതിയിൽ ഉണ്ടായ കുറവും ഗോതമ്പിന്റെ ആഗോള ലഭ്യതയെ കൂടുതൽ വഷളാക്കി.അരി ഉൾപ്പെടെ മറ്റ് ധാന്യങ്ങളുടെ വിലയിലും വർദ്ധനവുണ്ടായി.

വെജിറ്റബിൾ ഓയിൽ വില സൂചിക മാർച്ചിൽ ശരാശരി 248.6 പോയിന്റ്, ഫെബ്രുവരിയിൽ നിന്ന് 46.9 പോയിന്റ് (23.2 ശതമാനം) ഉയർന്ന് പുതിയ റെക്കോർഡ് ഉയരത്തിലെത്തി. സൂര്യകാന്തി, പാം ഓയിൽ , സോയ, റാപ്സീഡ് എണ്ണ എന്നിവയുടെ വില ഉയർന്നതാണ് സൂചിക കുത്തനെ ഉയരാൻ കാരണമായത്.കരിങ്കടൽ മേഖലയിലെ സംഘർഷത്തിനിടയിൽ കയറ്റുമതി വിതരണത്തിൽ കുറവുണ്ടായതിനാൽ അന്താരാഷ്ട്ര സൂര്യകാന്തി എണ്ണ വില മാർച്ചിൽ ഗണ്യമായി വർദ്ധിച്ചു.അതോടൊപ്പം , സൂര്യകാന്തി എണ്ണ വിതരണം തടസ്സപ്പെട്ടതിനെത്തുടർന്ന് ആഗോള ഇറക്കുമതി ആവശ്യം വർദ്ധിച്ചതോടെ പാം, സോയ, റാപ്സീഡ് എണ്ണ എന്നിവയുടെ വിലയും ഗണ്യമായി ഉയർന്നു.

2021-22 ലെ കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ 2nd അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം, രാജ്യത്തെ മൊത്തം ഭക്ഷ്യധാന്യ ഉൽപ്പാദനം 316.06 ദശലക്ഷം ടൺ എന്ന റെക്കോർഡ് ഉത്പാദനം പ്രതീക്ഷിക്കുന്നു.., ഇത് 2020-21. ലെ ഭക്ഷ്യധാന്യ ഉൽപ്പാദനത്തേക്കാൾ 5.32 ദശലക്ഷം ടൺ കൂടുതലാണ്. കൂടാതെ, 2021-22 ലെ ഉൽപ്പാദനം കഴിഞ്ഞ അഞ്ച് വർഷത്തേ ശരാശരി ഉൽപ്പാദനത്തേക്കാൾ 25.35 ദശലക്ഷം ടൺ കൂടുതലാണ്.2021-22ൽ അരിയുടെ ആകെ ഉൽപ്പാദനം 127.93 ദശലക്ഷം ടൺ ആയി കണക്കാക്കുന്നു. (കഴിഞ്ഞ അഞ്ച് വർഷത്തേ ശരാശരി ഉൽപ്പാദനത്തേക്കാൾ 11.49 ദശലക്ഷം ടൺ കൂടുതൽ) 2021-22ൽ ഗോതമ്പിന്റെ ഉൽപ്പാദനം 111.32 ദശലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു. ഇത് കഴിഞ്ഞ അഞ്ച് വർഷത്തേ ശരാശരി ഉൽപ്പാദനത്തേക്കാൾ7.44 ദശലക്ഷം കൂടുതലാണ്.2021-22ൽ മൊത്തം പയറുവർഗങ്ങളുടെ ഉൽപ്പാദനം 26.96 ദശലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു, ഇത് കഴിഞ്ഞ അഞ്ച് വർഷത്തേ ശരാശരി ഉൽപ്പാദനത്തേക്കാൾ 3.14 ദശലക്ഷം കൂടുതലാണ്.2021-22 കാലയളവിൽ രാജ്യത്തെ മൊത്തം എണ്ണക്കുരു ഉൽപ്പാദനം റെക്കോർഡ് നിലയായ 37.15 ദശലക്ഷം ടണ്ണായി കണക്കാക്കപ്പെടുന്നു. 2020-21 ലെ 35.95 ദശലക്ഷം ടൺ ഉൽപാദനത്തേക്കാൾ 1.20 ദശലക്ഷം ടൺ കൂടുതലാണ്.

ഇന്ത്യയിൽ റാബി സീസണിൽ (ഒക്ടോബർ മുതൽ ഫെബ്രുവരി വരെ) മൊത്തം വിതച്ചത് 700.8 ലക്ഷം ഹെക്ടർ ആണ് ഇത് 2020-21 റാബി സീസണിനെക്കാൾ 1.5% വളർച്ച രേഖപ്പെടുത്തുന്നു .2021-22. മൊത്തം വിതച്ച സ്ഥലത്ത് ഏകദേശം 85 ശതമാനവും ഭക്ഷ്യധാന്യങ്ങളാണ്. റാബി (ശീതകാല) വിളകളുടെ

വിതയ്ക്കൽ കൂടുതലും ഗോതമ്പ്, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയാണ്. എണ്ണക്കുരുക്കൃഷിയുടെ വിസ്തൃതി വർദ്ധിച്ച 2020-21 ൽ 83 ലക്ഷം ഹെക്ടറില് നിന്ന് ഈ വർഷം 102 ലക്ഷം ഹെക്ടർ ആയി വർദ്ധിച്ചു (22.8 ശതമാനം വർധന).

മാർച്ച് 1 മുതൽ 31 വരെയുള്ള കാലയളവിൽ ഇന്ത്യയിൽ മൊത്തം 72 ശതമാനം മഴക്കുറവ് അനുഭവപ്പെട്ടു.എന്നാൽ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സാധാരണ തോതിൽ മഴ ലഭിച്ചു.

മാർച്ച് 1 മുതൽ ഏപ്രിൽ 1 വരെയുള്ള കാലയളവിൽ കേരളത്തിൽ 39 ശതമാനം അധിക മഴ ലഭിച്ചു. കണ്ണൂർ,തൃശ്ശൂർ,കൊല്ലം,തിരുവനന്തപുരം ജില്ലകളിൽ മഴക്കുറവ് അനുഭവപ്പെട്ടപ്പോൾ കാസർഗോഡ്, എറണാകുളം, പത്തനംതിട്ട, വയനാട് ജില്ലകളിൽ 60 ശതമാനത്തിൽ അധികം മഴ ലഭിച്ചു.ഏപ്രിലോടെ കേരളത്തിൽ ശക്തമായ മഴ ലഭിക്കുമെന്നാണ് നിലവിൽ ലഭിക്കുന്ന സൂചനകൾ.

കേന്ദ്ര ജല കമീഷന്റെ മാർച്ച് 31 ലെ കണക്ക് പ്രകാരം രാജ്യത്തുടനീളമുള്ള 140 ജലസംഭരണികളിലെ ഫുൾ റിസർവോയർ തലത്തിലുള്ള സംഭരണശേഷിയുടെ 45% നീക്കിയിരിപ്പുണ്ട്. ഈ കാലയളവിൽ കേരളത്തിലെ ജലസംഭരണികളിലെ നീക്കിയിരുപ്പ് 1.90 ബില്യൺ ക്യുബിക് മീറ്ററാണ് ഇത് കഴിഞ്ഞ വർഷം ഈ കാലയളവിനേക്കാൾ കൂടുതലാണ്.ആകെ സംഭരണശേഷിയുടെ 49.61 ശതമാനമാണിത്.

2021-22 സീസണിലെ നെല്ല് സംഭരണം കഴിഞ്ഞ വർഷത്തേക്കാൾ മെച്ചപ്പെട്ട രീതിയിൽ പുരോഗമിക്കുന്നു.01-04-2022 തീയതിയിലെ കണക്കനുസരിച്ച് 503.42 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്.കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ 37.19 ലക്ഷം ടൺ കൂടുതലാണ്.ഏറ്റവും കൂടുതൽ സംഭരിച്ചത് പഞ്ചാബിൽ നിന്നാണ് 125.48 ലക്ഷം ടൺ. ഛത്തീസ്ഗഢ് 61.65 ലക്ഷം ടൺ, തെലുങ്കാന 46 ലക്ഷം ടൺ, ഉത്തർപ്രദേശ് 43.91 ലക്ഷം ടൺ എന്നിവയാണ് മറ്റ് പ്രധാന സംഭരണ സംസ്ഥാനങ്ങൾ. കേരളത്തിൽ നിന്നും ഈ കാലയളവിൽ 2.26 ലക്ഷം ടൺ സംഭരിച്ചിട്ടുണ്ട് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 2.54 ലക്ഷം ടണ്ണാണ് സംഭരിച്ചത്.

സ്റ്റീൽ അതോറിറ്റിയുടെ റിപ്പോർട്ട് അനുസരിച്ച് ഇരുമ്പ് ആയിരിന്റെ വില 2022 ജനുവരി മാസം മുതൽ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തുകയാണ്. Rebar ,HRC ,CRC ഇനങ്ങളിൽ 2022 മാർച്ച് 31-ന് മുംബൈയിലെ നിരക്ക് Rs. 84341/ ടൺ, Rs. 92630/ ടൺ Rs.103840/ ടൺ എന്നിങ്ങനെയാണ് .ഇത് മാസാരംഭത്തിലെ വിലയേക്കാൾ 7.6% ,13.1% വർദ്ധനവ് സൂചിപ്പിക്കുന്നു.ക്രൂഡ് സ്റ്റീലിന്റെ ആഗോള ഉൽപ്പാദനം ഫെബ്രുവരി'21 നെ അപേക്ഷിച്ച് ഫെബ്രുവരി 22-ൽ 5.7% കുറഞ്ഞു പ്രധാനമായും ചൈനയിലെ ഉൽപ്പാദനത്തിൽ ഈ കാലയളവിൽ10.0% ഇടിവുണ്ടായി.. കൂടാതെ, ജപ്പാൻ, റഷ്യ, ദക്ഷിണ കൊറിയ, തുർക്കി, ഇറ്റലി, ഉക്രെയ്ൻ,ബ്രസീൽ എന്നിങ്ങനെയുള്ള മറ്റ് പ്രധാന ഉരുക്ക് ഉത്പാദക രാജ്യങ്ങളിലും ഉല്പാദനത്തിൽ കുറവുണ്ടായി.കൽക്കരിയുടെ വർദ്ധിച്ചുവരുന്ന വിലയും ലഭ്യതക്കുറവും സ്റ്റീലിന്റെ ഉല്പാദനക്കുറവിനും വിലവർദ്ധനവിനും ഒരു കാരണമായിട്ടുണ്ട്.

അവലോകനമാസം അവസാനിക്കുമ്പോൾ ഇന്ധന വിലയിലെ വർദ്ധനവും, യുദ്ധങ്ങളും കെടുതികളും അവസാനിച്ച് വിലക്കയറ്റത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും മുക്തമാവുമെന്നുള്ള പ്രതീക്ഷയിലാണ് വിപണിയും പൊതുസമൂഹവും.


## I. ധാന്യങ്ങൾ

ഇന്ധന വില വർദ്ധനവിന്റെ അനുരണനങ്ങൾ അരിയുടെ വിലയിൽ പ്രതിഫലിച്ചിട്ടുണ്ട്. മാസാവസാനം വർദ്ധനവിനുള്ള പ്രവണത പ്രകടമായിരുന്നു. എല്ലാ അരി ഇനങ്ങളിലും ഈ വർദ്ധനവ് പ്രകടമായിരുന്നു.ദേശീയ ശരാശരി വിലയിലും ഈ കാലയളവിൽ വർദ്ധനവ് ദൃശ്യമായി ഫെബ്രുവരിയിൽ 35.82 രൂപയായിരുന്ന ദേശീയ ശരാശരി വില മാർച്ച് മാസത്തിൽ; 36.12 രൂപയായി വർദ്ധിച്ചു. വരും മാസത്തിലും നേരിയ വർദ്ധനവ് തുടരുമെന്നാണ് ലഭിക്കുന്ന സൂചന വർദ്ധിച്ച തോതിലുള്ള ഉല്പാദനവും സംഭരണവുമാണ് വില ക്രമാതീതമായി വർദ്ധിക്കാതിരിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

അന്തരാഷ്ട്ര വിപണിയിൽ അരിയുടെ വിലയിൽ ഗണ്യമായ തോതിലുള്ള വർദ്ധനവാണ് മാർച്ച് മാസത്തിൽ രേഖപ്പെടുത്തിയത്. അരിയുടെ ദേശിയ ശരാശരി മൊത്ത വില സൂചിക ഫെബ്രുവരിയിൽ 161.7 പോയിന്റ് ആയിരുന്നത് മാർച്ചിൽ 163.2 പോയിന്റായി വർദ്ധിച്ചു.

ഉക്രൈൻ -റഷ്യ യുദ്ധത്തിന്റെ ഫലമായി ഗോതമ്പിന്റെ വിലയിൽ ആഗോള തലത്തിൽ ഗണ്യമായ തോതിൽ വർദ്ധനവ് സ്ഷ്ടിച്ചിട്ടുണ്ട്.അവലോകനമാസത്തിലും ഈ വർദ്ധനവ് തുടർന്നു.വരും മാസങ്ങളിലും വർദ്ധനവ് തുടരുമെന്നാണ് നിലവിലുള്ള സൂചനകൾ.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.77 | 40.38 | 40.63 | 0.62 | 10.50 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 38.38 | 38.00 | -0.99 | -5.00 |
| 3 | റോസ് | കിലോഗ്രാം | 39.22 | 42.56 | 42.58 | 0.05 | 8.57 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.87 | 37.13 | 37.45 | 0.86 | 4.40 |
| 5 | ജയ | കിലോഗ്രാം | 37.50 | 37.96 | 38.81 | 2.24 | 3.49 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.02 | 37.19 | 37.46 | 0.73 | 6.97 |




## II.പയർ വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ വില ഏതാണ്ട് സ്ഥിരത പുലർത്തുന്ന പ്രവണതയാണ് കാണപ്പെട്ടത്. കഴിഞ്ഞ മാസങ്ങളിൽ വർദ്ധിച്ചുകൊണ്ടിരുന്ന വൻപയറിന്റെ വിലയിൽ കുറവുണ്ടായിട്ടുണ്ട്. ചെറുപയർ,ചെറുപയർ പരിപ്പ്,വടപരിപ്പ് ,മസൂർപരിപ്പ് എന്നിവയുടെ വിലയിൽ മാസാവസാനം നേരിയ വർദ്ധനവ് പ്രകടമായി തുവരപ്പരിപ്പ്,ഉഴുന്ന് എന്നിവയുടെ വിലയിൽ നേരിയ കുറവുണ്ടായി.

ദേശീയ ശരാശരിയിൽ ചെറുപയർ പരിപ്പ്,തുവരപ്പരിപ്പ്,മസൂർപരിപ്പ് എന്നിവയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായപ്പോൾ ഉഴുന്നുപരിപ്പ്,കടലപ്പരിപ്പ് എന്നിവയുടെ വിലയിൽ കുറവുണ്ടായി.റാബി സീസണിലെ വിളവ് ഏപ്രിൽ മദ്ധ്യത്തോടെ കൂടുതലായി വിപണിയിൽ എത്തുന്നതോടെ വിലയിൽ കുറവുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത് കേന്ദ്ര കാർഷികമന്ത്രാലയത്തിന്റെ രണ്ടാം എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 2020-21 വർഷത്തെ അപേക്ഷിച്ച് കടല,ഉഴുന്ന് എന്നിവയുടെ ഉല്പാദനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുമ്പോൾ തുവര,ചെറുപയർ എന്നിവയുടെ ഉല്പാദനത്തിൽ കുറവ് സൂചിപ്പിക്കുന്നു.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.20 | 105.10 | 105.63 | 0.50 | -9.10 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 121.23 | 114.98 | 115.88 | 0.78 | -4.41 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.73 | 120.03 | 119.30 | -0.61 | -4.35 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 123.20 | 118.43 | 116.59 | -1.55 | -5.37 |
| 5 | വൻപയർ | കിലോഗ്രാം | 81.87 | 101.13 | 93.82 | -7.23 | 14.60 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 112.15 | 112.96 | 112.52 | -0.39 | 0.33 |
| 7 | കടല(വലുത്) | കിലോഗ്രാം | 80.08 | 87.24 | 85.46 | -2.04 | 6.72 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 70.69 | 78.83 | 77.05 | -2.26 | 9.00 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 86.30 | 82.81 | 83.69 | 1.06 | -3.02 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 86.31 | 109.20 | 108.95 | -0.23 | 26.23 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസത്തിൽ ഇറച്ചിക്കോഴി വിലയിൽ ക്രമാതീതമായ വർദ്ധനവാണ് ദൃശ്യമായത്.കോഴിത്തീറ്റ ഉൾപ്പെടെയുള്ള ഉല്പാദന ഘടകങ്ങളുടെ ചെലവ് വർദ്ധിച്ചത് കാരണം കേരളത്തിലെ ചെറുകിട കോഴിഫാമുകളുടെ പ്രവർത്തനത്തിൽ കുറവ് വന്നതും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വരവ് കുറഞ്ഞതും വിലവർദ്ധനവിനു കാരണമായി. വിഷു ,റംസാൻ തുടങ്ങിയ ആഘോഷങ്ങൾ നടക്കാനിരിക്കെ വരുംമാസങ്ങളിലും ഇറച്ചിക്കോഴി വിലയിൽ ഗണ്യമായ ഒരു കുറവ് പ്രതീക്ഷിക്കുന്നില്ല.അതേസമയം കോഴിമുട്ടയുടെ വിലയിൽ അവലോകനമാസത്തിൽ കുറവുണ്ടായെങ്കിലും മാസാവസാനം നേരിയ വർദ്ധനവുണ്ടായി..ദേശീയ തലത്തിലും ഇ കാലയളവിൽ കോഴിമുട്ടയുടെ വിലയിൽ നേരിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ഉണ്ടായി നാമക്കലിൽ മാസാദ്യം 380 രൂപ ആയിരുന്നത് മാസാവസാനം 400 രൂപയായി.അതേസമയം ഡെൽഹിയിൽമാസാദ്യം 370 രൂപ ആയിരുന്ന വില 350 രൂപയായി കുറഞ്ഞു. പഞ്ചസാര,ശർക്കര,കരുപ്പെട്ടി,തേയില എന്നിവയുടെ വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകളോടെ വിപണനം നടന്നു.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.40 | 39.42 | 39.11 | -0.79 | 4.57 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 173.42 | 171.38 | 169.85 | -0.89 | -2.06 |
| 3 | ശർക്കര | കിലോഗ്രാം | 53.70 | 53.43 | 53.05 | -0.71 | -1.21 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.78 | 58.52 | 54.15 | -7.47 | -1.15 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 656.61 | 688.21 | 687.86 | -0.05 | 4.76 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 124.38 | 131.02 | 161.17 | 23.01 | 29.58 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 155.61 | 155.18 | 155.36 | 0.12 | -0.16 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.23 | 156.67 | 158.50 | 1.17 | -3.49 |




## IV. എണ്ണയും എണ്ണക്കുരുക്കളും

ഉക്രൈൻ- റഷ്യ യുദ്ധത്തിൻറെ പരിണിത ഫലങ്ങൾ ആഗോള ഭക്ഷ്യ എണ്ണവിപണിയിൽ ഉണ്ടാക്കിയ ചലനങ്ങൾ അവലോകനമാസത്തിലും തുടരുകയാണ്.പ്രധാനമായും സൺഫ്ളവർ ഓയിലിന്റെയും പാം ഓയിലിന്റെയും വിലയിലാണ് വർദ്ധനവ് ഉണ്ടായിരിക്കുന്നത്.സൺഫ്ളവറിന്റെ പ്രധാന ഉത്പാദകരായ ഉക്രൈൻ, റഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതി നിലച്ചതും കരിങ്കടൽ മേഖലയിലെ അസ്ഥിരതയും സൺഫ്ളവർ ഓയിലിന്റെ വിലയിൽ പ്രതിഫലിച്ചപ്പോൾ ഉല്പാദനത്തിലുണ്ടായ കുറവും,മറ്റ് ഭക്ഷ്യ എണ്ണകളിലുണ്ടായ വർദ്ധനവും പാം ഓയിലിന്റെ വർദ്ധനവിന് കാരണമായി.

അന്തരാഷ്ട്ര വിപണിയിൽ ഭക്ഷ്യ എണ്ണകളുടെ വിലയിൽ വൻ വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായിട്ടുള്ളത് .മാർച്ച് മാസത്തെ എഫ് എ യുടെ ഭക്ഷ്യ എണ്ണ വില സൂചിക ഫെബ്രുവരി മാസത്തെ അപേക്ഷിച്ച് 46.9 പോയിന്റ് വർദ്ധിച്ച് 248.6 ആയി.ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കാണിത്.വരും മാസങ്ങളിലും ഭക്ഷ്യ എണ്ണകളുടെ വിലയിൽ ഗണ്യമായ ഒരു കുറവിന് സാധ്യത ഇല്ല എന്നാണ് ലഭിക്കുന്ന സൂചനകൾ. നടപ്പ് വർഷം ഇന്ത്യയിൽ ഭക്ഷ്യ എണ്ണകളുടെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 227.76 | 179.39 | 179.63 | 0.13 | -21.13 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 176.40 | 184.60 | 185.10 | 0.27 | 4.93 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 151.88 | 146.92 | 169.71 | 15.51 | 11.74 |
| 4 | നല്ലെണ്ണ | ലിററർ | 190.64 | 216.86 | 216.96 | 0.05 | 13.81 |
| 5 | കടുക് എണ്ണ | ലിററർ | 155.00 | 206.00 | 207.50 | 0.73 | 33.87 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 132.08 | 159.34 | 166.05 | 4.21 | 25.72 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 158.17 | 144.68 | 171.34 | 18.43 | 8.33 |
| 8 | പാം ഓയിൽ | ലിററർ | 126.93 | 133.04 | 159.43 | 19.84 | 25.60 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 223.48 | 182.67 | 185.59 | 1.60 | -16.95 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഇനം മല്ലിയുടെ വിലയാണ് .പ്രധാന ഉത്പാദക സംസ്ഥാനങ്ങളായ മധ്യപ്രദേശ്,ഗുജറാത്ത്,രാജസ്ഥാൻ സംസ്ഥാനങ്ങളിൽ ഉല്പാദനത്തിൽ ഉണ്ടായ കുറവും മോശപ്പെട്ട സ്റ്റോക്ക് നിലയും മല്ലിയുടെ വിലയിൽ വർദ്ധനവിന് കരണമായെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം വരും മാസത്തിലും വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന സൂചനകൾ.

വറ്റൽ മുളകിന്റെ വിലയിലും വർദ്ധനവ് തുടർന്ന .മോശപ്പെട്ട കാലാവസ്ഥയും,കീടങ്ങളുടെ ആക്രമണവും പ്രധാന ഉത്പാദക സംസ്ഥാനങ്ങളിൽ മുളകിന്റെ ഉല്പാദനത്തെയും ഗുണമേന്മയെയും ബാധിച്ചതായാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ.വരും മാസങ്ങളിലും വറ്റൽ മുളകിന്റെ വിലയിൽ ഗണ്യമായ കുറവിന് സാധ്യത ഇല്ല. കുരുമുളകിന്റെ വില കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഉയർന്ന നിലയിൽ നിൽക്കുകയാണ്. വരും മാസത്തിലും ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത എന്നാണ് നിലവിൽ വിപണികളിൽ നിന്നും ലഭിക്കുന്ന സൂചനകൾ.

സീസൺ ആയതോടുകൂടി ഉള്ളിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായി. വരും ദിവസങ്ങളിലും വില ഏതാണ്ട് ഇതേ നില തുടരാനാണ് സാധ്യത എന്നാണ് നിലവിൽ ലഭിക്കുന്ന സൂചനകൾ

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 98.77 | 127.48 | 135.00 | 5.90 | 36.68 |
| 2 | മുളക് | കിലോഗ്രാം | 169.17 | 218.82 | 224.54 | 2.61 | 32.73 |
| 3 | ഉള്ളി | കിലോഗ്രാം | 70.86 | 64.77 | 38.25 | -40.94 | -46.02 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 161.76 | 148.07 | 144.96 | -2.10 | -10.39 |
| 5 | ജീരകം | 100 ഗ്രാം | 29.52 | 29.12 | 30.27 | 3.95 | 2.54 |
| 6 | കടുക് | 100 ഗ്രാം | 10.52 | 12.86 | 12.79 | -0.54 | 21.58 |
| 7 | ഉലുവ | 100 ഗ്രാം | 10.52 | 12.50 | 12.57 | 0.56 | 19.49 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.20 | 18.64 | 18.96 | 1.72 | 4.18 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 13.08 | 10.83 | 10.68 | -1.39 | -18.35 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 392.98 | 564.74 | 561.73 | -0.53 | 42.94 |




## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസത്തിൽ കിഴങ്ങ് വർഗ്ഗങ്ങളുടെ വിലയിൽ സമ്മിശ്രമായ പ്രവണതയാണ് പ്രകടമായത്.കഴിഞ്ഞ മാസങ്ങളിൽ വർദ്ധിച്ചിരുന്ന കാരറ്റിന്റെയും ബീറ്റ്റൂട്ടിന്റെയും വിലയിൽ ഗണ്യമായ കുറവുണ്ടായപ്പോൾ മരച്ചീനി,ചേമ്പ് എന്നിവയുടെ വിലയിൽ ഫെബ്രുവരി മാസത്തേക്കാൾ വർദ്ധനവുണ്ടായി.ഉരുളക്കിഴങ്ങിന്റെയും ചേനയുടെയും വിലയിൽ നേരിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ബീറ്റ്റൂട്ട് ഒഴികെയുള്ള ഇനങ്ങളിൽ ഗണ്യമായ വർദ്ധനവ് റിപ്പോർട്ട് ചെയ്യുന്നു. കാരറ്റ് 83.03 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയപ്പോൾ ചേമ്പ് 32.23 ശതമാനവും ,മരച്ചീനി 26.77 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തി. ബീറ്റ്റൂട്ട് വിലയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8.92 ശതമാനം കുറവുണ്ടായി.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **29.07** | **31.02** | **31.04** | **0.06** | **6.78** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **21.07** | **24.39** | **26.71** | **9.51** | **26.77** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **28.40** | **31.21** | **31.80** | **1.89** | **11.97** |
| 4 | ചേമ്പ് | കിലോഗ്രാം | **41.88** | **47.25** | **55.38** | **17.21** | **32.23** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **38.68** | **49.34** | **35.23** | **-28.60** | **-8.92** |
| 6 | കാരററ് | കിലോഗ്രാം | **38.18** | **84.82** | **69.88** | **-17.61** | **83.03** |



## VII.പച്ചക്കറി ഇനങ്ങൾ

അവലോകനമാസത്തിൽ മറ്റിനങ്ങളിൽ നിന്നും വ്യത്യസ്തമായി പച്ചക്കറികളുടെ വിലയിൽ പൊതുവെ വിലക്കുറവ് പ്രകടമായി.ഏത്തക്കായയുടെ വിലയിൽ മാത്രമാണ് പ്രധാനമായും വർദ്ധനവ് ദൃശ്യമായത്.ഉല്പാദനത്തിൽ ഉണ്ടായ കുറവാണ ഏത്തക്കായയുടെ` വിലയിൽ വർദ്ധനവിന് കാരണമായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. വരുംമാസത്തിലും വർദ്ധനവ് തുടരുമെന്നാണ് ലഭിക്കുന്ന സൂചനകൾ .സവാളയുടെ വിലയിലും ഗണ്യമായ കുറവുണ്ടായി.റാബി സീസണിലെ സവാള വിപണിയിൽ എത്തിത്തുടങ്ങിയിട്ടുണ്ട്. വരുംമാസങ്ങളിലും നേരിയ കുറവോടെ വിപണനം തുടരാനാണ് സാധ്യത.ജൂലൈ-ആഗസ്തോടുകൂടി മാത്രമേ സവാളയുടെ വിലയിൽ നേരിയ വാർദ്ധനവ് പ്രതീക്ഷിക്കുന്നുള്ളു.തക്കാളിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടായെങ്കിലും നേരിയ തോതിലുള്ള ഒരു ചാഞ്ചാട്ടം വിലയിൽ പ്രകടമായിരുന്നു.മാസാവസാനം വിലയിൽ വർദ്ധനവിനുള്ള പ്രവണത ദൃശ്യമായിരുന്നു.ബീൻസ്,വെണ്ടയ്ക്ക,വള്ളിപ്പയർ എന്നിവയുടെ വിലയിലും മാസാവസാനം വർദ്ധനവ് ദൃശ്യമായി.പൊതുവെ ഭൂരിഭാഗം പച്ചക്കറി ഇനങ്ങളിലും പ്രാദേശികമായ ലഭ്യതയ്ക്കനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ പ്രകടമായിരുന്നു.


| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **32.12** | **38.98** | **30.29** | **-22.29** | **-5.70** |
| 2 | വഴുതന | കിലോഗ്രാം | **33.48** | **41.27** | **35.57** | **-13.81** | **6.24** |
| 3 | മത്തങ്ങ | കിലോഗ്രാം | **21.39** | **37.24** | **26.79** | **-28.06** | **25.25** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **24.11** | **22.32** | **22.46** | **0.63** | **-6.84** |
| 5 | വെണ്ടക്ക | കിലോഗ്രാം | **39.61** | **38.64** | **34.68** | **-10.25** | **-12.45** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **51.61** | **44.58** | **48.11** | **7.92** | **-6.78** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **47.46** | **51.52** | **42.96** | **-16.61** | **-9.48** |
| 8 | കാബേജ് | കിലോഗ്രാം | **25.52** | **45.22** | **30.82** | **-31.84** | **20.77** |
| 9 | പാവയ്ക്ക | കിലോഗ്രാം | **50.35** | **49.89** | **47.79** | **-4.21** | **-5.08** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **25.33** | **27.52** | **24.09** | **-12.46** | **-4.90** |
| 11 | പടവലങ്ങ | കിലോഗ്രാം | **32.39** | **34.18** | **30.84** | **-9.77** | **-4.79** |
| 12 | തക്കാളി | കിലോഗ്രാം | **26.79** | **25.18** | **18.63** | **-26.01** | **-30.46** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.26** | **8.93** | **8.25** | **-7.61** | **56.84** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **33.83** | **45.10** | **53.27** | **18.12** | **57.46** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **29.62** | **37.51** | **37.16** | **-0.93** | **25.46** |



## VIII.പഴവർഗ്ഗങ്ങൾ

അവലോകനമാസത്തിൽ ഏത്തപ്പഴം,വാഴപ്പഴങ്ങൾ എന്നിവയുടെ വിലയിൽ വർദ്ധനവുണ്ടായി. വർദ്ധനവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ .ഉല്പാദനത്തിൽ ഉണ്ടായ കുറവാണ ഏത്തപ്പഴത്തിന്റെ വിലയിൽ വർദ്ധനവിന് കാരണമായത്.വാഴപ്പഴങ്ങളിൽ രസകദളി പഴത്തിന്റെ വിലയിലും ഗണ്യമായ വർദ്ധനവുണ്ടായി. സീസണലായ പഴങ്ങൾക്ക് ഏറ്റക്കുറച്ചിലുകൾ ദൃശ്യമായി മാങ്ങയുടെ സീസൺ ആയതോടെ വിലയിൽ ഗണ്യമായ കുറവുണ്ടായി. തണ്ണിമത്തന്റെ വിലയിലും കുറവുണ്ടായിട്ടുണ്ട്.ഓറഞ്ചിന്റെ വിലയിൽ വർദ്ധനവുണ്ടായി .ഏത്തപ്പഴത്തിന്റെയും വാഴപ്പഴങ്ങളുടെയും വിലയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിലയിൽ 6 ശതമാനം മുതൽ 48 ശതമാനം വരെ വർദ്ധനവുണ്ടായി.

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(നാഗ്പൂർ) | കിലോഗ്രാം | 94.32 | 75.10 | 85.58 | 13.95 | -9.27 |
| 2 | മുസമ്പി | കിലോഗ്രാം | 74.38 | 71.98 | 70.52 | -2.03 | -5.19 |
| 3 | മാതളം | കിലോഗ്രാം | 194.17 | 170.10 | 156.15 | -8.20 | -19.58 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 160.00 | 178.33 | 181.25 | 1.64 | 13.28 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 40.58 | 53.28 | 60.25 | 13.08 | 48.47 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 28.60 | 29.65 | 30.79 | 3.84 | 7.66 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 43.19 | 47.35 | 54.38 | 14.85 | 25.91 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 45.25 | 46.54 | 47.94 | 3.01 | 5.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.58 | 29.62 | 31.40 | 6.01 | 13.85 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 105.33 | 132.50 | 98.33 | -25.79 | -6.65 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 22.27 | 32.12 | 22.87 | -28.80 | 2.69 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 97.50 | 110.00 | 90.00 | -18.18 | -7.69 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 67.50 | 81.50 | 84.17 | 3.28 | 24.70 |




## IX. ഭക്ഷ്യേതര വസ്തുക്കൾ

ഇന്ധന വില വർദ്ധനവ് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്ന ഇനങ്ങളിൽ ഭക്ഷ്യേതര ഇനങ്ങളും ഉൾപ്പെടുന്നു. നിർമ്മാണ സാമഗ്രികളുടെ വിലയെ ഇത് വലിയതോതിൽ ബാധിച്ചിട്ടുണ്ട്. സിമന്റിന്റെയും സ്റ്റീലിന്റെയു വിലയിൽ അവലോകനമാസത്തിലും വർദ്ധനവ് തുടർന്നു.സിമെന്റിന്റെ വിലയിൽ മാസാവസാനം നേരിയ കുറവ് ദൃശ്യമായെങ്കിലും സ്റ്റീലിന്റെ വിലയിൽ വർദ്ധനവ് തുടർന്നു. വരുംമാസത്തിലും ഇതേ നില തുടരുമെന്നാണ് വിപണികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.

മറ്റ് ഭക്ഷ്യേതര വസ്തുക്കളിലും ഇന്ധന വിലവർദ്ധനവിന്റെയും മറ്റ് ആഗോള പ്രതിസന്ധികളുടെയും പ്രതിഫലനങ്ങൾ പ്രകടമായിരുന്നു

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **21.29** | **24.02** | **24.16** | **0.58** | **13.48** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **26.07** | **29.09** | **29.68** | **2.03** | **13.85** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **512.00** | **492.50** | **493.50** | **0.20** | **-3.61** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **427.41** | **426.09** | **435.47** | **2.20** | **1.89** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **424.18** | **423.39** | **429.29** | **1.39** | **1.20** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **62.49** | **71.02** | **81.39** | **14.60** | **30.24** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.77 | 40.38 | 40.63 | 0.62 | 10.50 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 38.38 | 38.00 | -0.99 | -5.00 |
| 3 | റോസ് | കിലോഗ്രാം | 39.22 | 42.56 | 42.58 | 0.05 | 8.57 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.87 | 37.13 | 37.45 | 0.86 | 4.40 |
| 5 | ജയ | കിലോഗ്രാം | 37.50 | 37.96 | 38.81 | 2.24 | 3.49 |
| 6 | ഗോതമ്പ് | കിലോഗ്രാം | 35.02 | 37.19 | 37.46 | 0.73 | 6.97 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 116.20 | 105.10 | 105.63 | 0.50 | -9.10 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 121.23 | 114.98 | 115.88 | 0.78 | -4.41 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 124.73 | 120.03 | 119.30 | -0.61 | -4.35 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 123.20 | 118.43 | 116.59 | -1.55 | -5.37 |
| 5 | വൻപയർ | കിലോഗ്രാം | 81.87 | 101.13 | 93.82 | -7.23 | 14.60 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 112.15 | 112.96 | 112.52 | -0.39 | 0.33 |
| 7 | കടല(വലുത്) | കിലോഗ്രാം | 80.08 | 87.24 | 85.46 | -2.04 | 6.72 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 70.69 | 78.83 | 77.05 | -2.26 | 9.00 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 86.30 | 82.81 | 83.69 | 1.06 | -3.02 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 86.31 | 109.20 | 108.95 | -0.23 | 26.23 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 37.40 | 39.42 | 39.11 | -0.79 | 4.57 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 173.42 | 171.38 | 169.85 | -0.89 | -2.06 |
| 3 | ശർക്കര | കിലോഗ്രാം | 53.70 | 53.43 | 53.05 | -0.71 | -1.21 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.78 | 58.52 | 54.15 | -7.47 | -1.15 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 656.61 | 688.21 | 687.86 | -0.05 | 4.76 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുളള ത്) | കിലോഗ്രാം | 124.38 | 131.02 | 161.17 | 23.01 | 29.58 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 155.61 | 155.18 | 155.36 | 0.12 | -0.16 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 164.23 | 156.67 | 158.50 | 1.17 | -3.49 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 227.76 | 179.39 | 179.63 | 0.13 | -21.13 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 176.40 | 184.60 | 185.10 | 0.27 | 4.93 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 151.88 | 146.92 | 169.71 | 15.51 | 11.74 |
| 4 | നല്ലെണ്ണ | ലിററർ | 190.64 | 216.86 | 216.96 | 0.05 | 13.81 |
| 5 | കടുക് എണ്ണ | ലിററർ | 155.00 | 206.00 | 207.50 | 0.73 | 33.87 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 132.08 | 159.34 | 166.05 | 4.21 | 25.72 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 158.17 | 144.68 | 171.34 | 18.43 | 8.33 |
| 8 | പാം ഓയിൽ | ലിററർ | 126.93 | 133.04 | 159.43 | 19.84 | 25.60 |
| 9 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 223.48 | 182.67 | 185.59 | 1.60 | -16.95 |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **98.77** | **127.48** | **135.00** | **5.90** | **36.68** |
| 2 | മുളക് | കിലോഗ്രാം | **169.17** | **218.82** | **224.54** | **2.61** | **32.73** |
| 3 | ഉള്ളി | കിലോഗ്രാം | **70.86** | **64.77** | **38.25** | **-40.94** | **-46.02** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **161.76** | **148.07** | **144.96** | **-2.10** | **-10.39** |
| 5 | ജീരകം | 100 ഗ്രാം | **29.52** | **29.12** | **30.27** | **3.95** | **2.54** |
| 6 | കടുക് | 100 ഗ്രാം | **10.52** | **12.86** | **12.79** | **-0.54** | **21.58** |
| 7 | ഉലുവ | 100 ഗ്രാം | **10.52** | **12.50** | **12.57** | **0.56** | **19.49** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.20** | **18.64** | **18.96** | **1.72** | **4.18** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **13.08** | **10.83** | **10.68** | **-1.39** | **-18.35** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **392.98** | **564.74** | **561.73** | **-0.53** | **42.94** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **29.07** | **31.02** | **31.04** | **0.06** | **6.78** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **21.07** | **24.39** | **26.71** | **9.51** | **26.77** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **28.40** | **31.21** | **31.80** | **1.89** | **11.97** |
| 4 | ചേമ്പ് | കിലോഗ്രാം | **41.88** | **47.25** | **55.38** | **17.21** | **32.23** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **38.68** | **49.34** | **35.23** | **-28.60** | **-8.92** |
| 6 | കാരററ് | കിലോഗ്രാം | **38.18** | **84.82** | **69.88** | **-17.61** | **83.03** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **32.12** | **38.98** | **30.29** | **-22.29** | **-5.70** |
| 2 | വഴുതന | കിലോഗ്രാം | **33.48** | **41.27** | **35.57** | **-13.81** | **6.24** |
| 3 | മത്തങ്ങ | കിലോഗ്രാം | **21.39** | **37.24** | **26.79** | **-28.06** | **25.25** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **24.11** | **22.32** | **22.46** | **0.63** | **-6.84** |
| 5 | വെണ്ടക്ക | കിലോഗ്രാം | **39.61** | **38.64** | **34.68** | **-10.25** | **-12.45** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **51.61** | **44.58** | **48.11** | **7.92** | **-6.78** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **47.46** | **51.52** | **42.96** | **-16.61** | **-9.48** |
| 8 | കാബേജ് | കിലോഗ്രാം | **25.52** | **45.22** | **30.82** | **-31.84** | **20.77** |
| 9 | പാവയ്ക്ക | കിലോഗ്രാം | **50.35** | **49.89** | **47.79** | **-4.21** | **-5.08** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **25.33** | **27.52** | **24.09** | **-12.46** | **-4.90** |
| 11 | പടവലങ്ങ | കിലോഗ്രാം | **32.39** | **34.18** | **30.84** | **-9.77** | **-4.79** |
| 12 | തക്കാളി | കിലോഗ്രാം | **26.79** | **25.18** | **18.63** | **-26.01** | **-30.46** |
| 13 | പച്ചമുളക് | 100 ഗ്രാം | **5.26** | **8.93** | **8.25** | **-7.61** | **56.84** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **33.83** | **45.10** | **53.27** | **18.12** | **57.46** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **29.62** | **37.51** | **37.16** | **-0.93** | **25.46** |

| നം | ഇനങ്ങൾ | അളവ് | മാർച്ച് 2021 | ഫെബ്രുവരി 2022 | മാർച്ച് 2022 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 94.32 | 75.10 | 85.58 | 13.95 | -9.27 |
| 2 | മുസമ്പി | കിലോഗ്രാം | 74.38 | 71.98 | 70.52 | -2.03 | -5.19 |
| 3 | മാതളം | കിലോഗ്രാം | 194.17 | 170.10 | 156.15 | -8.20 | -19.58 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 160.00 | 178.33 | 181.25 | 1.64 | 13.28 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 40.58 | 53.28 | 60.25 | 13.08 | 48.47 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 28.60 | 29.65 | 30.79 | 3.84 | 7.66 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 43.19 | 47.35 | 54.38 | 14.85 | 25.91 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 45.25 | 46.54 | 47.94 | 3.01 | 5.94 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.58 | 29.62 | 31.40 | 6.01 | 13.85 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 105.33 | 132.50 | 98.33 | -25.79 | -6.65 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 22.27 | 32.12 | 22.87 | -28.80 | 2.69 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 97.50 | 110.00 | 90.00 | -18.18 | -7.69 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 67.50 | 81.50 | 84.17 | 3.28 | 24.70 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 21.29 | 24.02 | 24.16 | 0.58 | 13.48 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 26.07 | 29.09 | 29.68 | 2.03 | 13.85 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 512.00 | 492.50 | 493.50 | 0.20 | -3.61 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 427.41 | 426.09 | 435.47 | 2.20 | 1.89 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 424.18 | 423.39 | 429.29 | 1.39 | 1.20 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 62.49 | 71.02 | 81.39 | 14.60 | 30.24 |